പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3960 15.12.2014-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യിലെ എഫ് ആന്റ് സി.എ.ഒ തസ്തികയിൽ നിയമനം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ : | | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ മുൻ കാലങ്ങളിൽ എഫ് ആന്റ് സി.എ.ഒ തസ്തികയിൽ നിയമനം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാം; | (എ) യും (ബി) യും (സി) യും | 1950-ലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻസ് ആക്ട് പ്രകാരം കെ.എസ്.ആർ.ടി.സി.യിലെ ഫിനാൻഷ്യൽ അഡ്വൈസർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേക്ക് സർക്കാരാണ് നിയമനം നടത്തുന്നത്. മുൻ കാലങ്ങളിൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽ നിന്നും ഇൻഡ്യൻ ഓഡിറ്റ് & അക്കൗണ്ട്സ് സർവ്വീസ് യോഗ്യതയുള്ളവരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിരുന്നു. സർക്കാരിലെ ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറി റാങ്കിലുള്ള സീനിയർ ഉദ്യോഗസ്ഥരെയാണ് എഫ്.എ & സി.എ.ഒ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സമീപ കാലത്ത് നിയമിച്ചു വന്നിരുന്നത്. നിലവിൽ ഒഴിവുള്ള പ്രസ്തുത തസ്തികയിലേക്ക് നിയമനം നടത്തുന്ന വിഷയവും നിലവിൽ കെ.എസ്.ആർ.ടി.സി.യിലെ ഫിനാൻസ് മാനേജർക്ക് എഫ്.എ & സി.എ.ഒ.യുടെ അധിക ചുമതല കോർപ്പറേഷൻ നൽകിയിരിക്കുന്നതും സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | ഇപ്പോൾ പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാം; ഇപ്പോൾ യോഗ്യതയിൽ ഇളവുകൾ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ഇളവുകളാണെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ഇത്തരത്തിൽ ഇളവു വരുത്താനുണ്ടായ കാരണങ്ങൾ എന്തെല്ലാമെന്നു വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ